# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 മാർച്ച് 15, വ്യാഴം

**നമ്പർ 115**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

അഞ്ചാം ധനകാര്യ കമ്മീഷന്റെ നികുതി വിഹിതം സംബന്ധിച്ച ശിപാർശകൾ നിരസിച്ചതിനാലും, വിനോദ നികുതി, പരസ്യനികുതി എന്നിവയിൽ നിന്നുള്ള വരുമാനം നഷ്ടപ്പെട്ടതിനാലും സംസ്ഥാന സർക്കാർ അധികഭാരം അടിച്ചേല്പിക്കുന്നതിനാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്നതായി പറയപ്പെടുന്ന രൂക്ഷമായ ധനപ്രതിസന്ധിയെക്കുറിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. വി. ഡി. സതീശനും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കാൻസർ, വൃക്കരോഗങ്ങൾ എന്നിവയുടെ നിയന്ത്രണത്തിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ.സി.കെ.നാണു ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 809/2018(i).

(2) നിർദ്ദിഷ്ട കൊച്ചി മെട്രോ വില്ലേജിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. ടി. തോമസ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ ഉന്നയിച്ചു

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | എക്സൈസ് വകുപ്പിലെ വനിതാ ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 2 | ശ്രീ. ചിറ്റയം ഗോപകുമാർ | തെക്കേക്കര പഞ്ചായത്ത് മെമ്പർ മധുസൂദനനെ കാണാതായത് | മുഖ്യമന്ത്രി |
| 3 | ശ്രീ. പി. വി. അൻവർ | നിലമ്പൂർ ഫയർ സ്റ്റേഷൻ | മുഖ്യമന്ത്രി |
| 4 | ഡോ. എം. കെ. മുനീർ | കോംട്രസ്റ്റ് നെയ്ത്തുഫാക്ടറിയും അനുബന്ധ കെട്ടിടങ്ങളും സംരക്ഷിക്കുന്നത് | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |
| 5 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | തിരുനാവായ-കാടാമ്പുഴ, എടയൂർ-ഇരുമ്പിളിയം, കുടിവെള്ള പദ്ധതികൾ | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. കോവൂർ കുഞ്ഞുമോൻ | ശാസ്താംകോട്ട സബ്ട്രഷറിയുടെ കെട്ടിടനിർമ്മാണം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ആൻസലൻ | നെയ്യാറ്റിൻകരയിൽ ഓഖി ചുഴലിക്കാറ്റിൽ കൃഷിനാശം സംഭവിച്ചവർക്കുള്ള ധനസഹായം | കൃഷി വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീമതി പി. അയിഷാ പോറ്റി | കറ്റാലം കൊട്ടാരവും അനുബന്ധ ഭൂമിയും | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ഗുരുവായൂർ റെയിൽവേ മേൽപ്പാലം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീമതി ഇ. എസ്. ബിജിമോൾ | കെ.എസ്.ഇ.ബി. ഉപേക്ഷിച്ച പദ്ധതി പ്രദേശത്ത് മൂന്നുചെയിൻ നിവാസികൾക്ക് പട്ടയം നൽകുന്നത് | വൈദ്യുതി വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

ചട്ടങ്ങൾക്കുള്ള ഭേദഗതികളുടെ പരിഗണന :

(1) 2017 ഡിസംബർ 29 -ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 12/2017/പി&എആർഡി (എസ്.ആർ.ഒ. നമ്പർ 861/2017) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2018-ലെ ദി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് റൂൾസ്:

ശ്രീ. വി. ടി. ബൽറാം 1, 3, 9, 10, 22, 24, 27, 28, 29 എന്നീ ഭേദഗതികളും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ 2, 4, 8, 11, 26, 30 എന്നീ ഭേദഗതികളും ശ്രീ. ടി. വി. ഇബ്രാഹിം 6, 12, 15, 16 എന്നീ ഭേദഗതികളും ശ്രീ. എൻ. ഷംസുദ്ദീൻ 5 ാം നമ്പർ ഭേദഗതിയും ശ്രീ. പി. ഉബൈദുള്ള 7, 13 എന്നീ ഭേദഗതികളും ശ്രീ. എം. ഉമ്മർ 14, 23, എന്നീ ഭേദഗതികളും ഡോ. എം. കെ. മുനീർ 18, 19, 20, 21, എന്നീ ഭേദഗതികളും അവതരിപ്പിച്ചു. ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മറുപടി പറഞ്ഞു. ഔദ്യോഗിക ഭേദഗതിയായി ചട്ടം 14 (b)-യിൽ "Constitutional Bodies" എന്ന വാക്കുകൾ നീക്കം ചെയ്തു. അവതരിപ്പിക്കപ്പെട്ട ഭേദഗതികളിൽ താഴെപ്പറയുന്ന 10, 30 എന്നീ ഭേദഗതികൾ സഭ അംഗീകരിച്ചു:

(i) In rule 9(f) for the words "date of the order of his first appointment to KAS", the words "date of PSC advice to KAS" shall be substituted.

(ii) In Schedule II, before "Senior Time Scale Posts" rewrite "Table I" as "Table II" .

(2). ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ നൽകിയിരുന്ന സ്പെഷ്യൽ റൂൾ ഫോർ കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ് ലിമിറ്റഡ് (മത്സ്യഫെഡ് (ജി.ഒ. (പി) നമ്പർ 5/2016/എഫ് & പി.ഡി. തീയതി 17-2-2016)-നുള്ള ഭേദഗതി നോട്ടീസിന്റെ പ്രസക്ത ഭാഗം ചട്ടം സ്റ്റാറ്റ്യൂട്ടറി ചട്ടമല്ലാത്തതിനാൽ ചെയർ അനുമതി നിഷേധിച്ചു.

<u>ധനകാര്യം</u> :

<u>2018 -19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തുവച്ചു.

XXX-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 5, 6, 7, 11, എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXXI-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 5, 7, 9, 10, 11, 21, 22, 23 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXXII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 6, 8, 10, 12, 15, 17, 18, 21 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXXIV-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 4, 5, 10, 12, 15, 16, 19, 21 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. കെ. കുഞ്ഞിരാമൻ

ശ്രീ. അനിൽ അക്കര

ശ്രീമതി സി. കെ. ആശ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. കെ. കൃഷ്ണൻ കുട്ടി

ശ്രീ. പി. സി. ജോർജ്

ശ്രീ. ബി. ഡി. ദേവസ്സി

ഡോ. എൻ. ജയരാജ്

ശ്രീ. ജോർജ്. എം. തോമസ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ഡി. കെ. മുരളി

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. കെ. രാജൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. സി. കെ. ശശീന്ദ്രൻ

ശ്രീ. സണ്ണി ജോസഫ്.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനും വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവും മറുപടി പറഞ്ഞു. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XXX, XXXI, XXXII, XXXIV എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2018 മാർച്ച് 19-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.06- ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,

*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Tenth Session

# BULLETIN—PART I

( Brief Record of Proceedings )

*Thursday, March 15, 2018*

**No. 115**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Four questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Finance and Coir, the Speaker withheld consent to the moving of an adjournment motion given notice of by Shri V. D. Satheesan and two other Members regarding the reported financial crisis faced by local self government institutions due to the extra burden imposed by the Government, dumping of the recommendations of fifth State financial commission regarding tax share and the loss of income from entertainment and advertisement taxes

In protest against the attitude of the Government in this matter the Members belonging to the opposition staged a walk out.

*Calling Attention:*

(1) Shri C. K. Nanu called attention of the Minister for Health and Social Justice to the necessity to control the increasing occurrence of Cancer and Kidney disease in the State. The Minister made a statement thereto.

(2) Shri P. T. Thomas called the attention of the Chief Minister to the necessity to start the construction activity of the proposed Kochi Metro Village. The Chief Minister made a statement thereto.

KNPP. 809/2018(ii).

*Matters raised under Rule 304:*

The matters raised under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | എക്സൈസ് വകുപ്പിലെ വനിതാ ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 2 | ശ്രീ. ചിറ്റയം ഗോപകുമാർ | തെക്കേക്കര പഞ്ചായത്ത് മെമ്പർ മധുസൂദനനെ കാണാതായത് | മുഖ്യമന്ത്രി |
| 3 | ശ്രീ. പി. വി. അൻവർ | നിലമ്പൂർ ഫയർ സ്റ്റേഷൻ | മുഖ്യമന്ത്രി |
| 4 | ഡോ. എം. കെ. മുനീർ | കോംട്രസ്റ്റ് നെയ്ത്തുഫാക്ടറിയും അനുബന്ധ കെട്ടിടങ്ങളും സംരക്ഷിക്കുന്നത് | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |
| 5 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | തിരുനാവായ-കാടാമ്പുഴ, എടയൂർ-ഇരുമ്പിളിയം, കുടിവെള്ള പദ്ധതികൾ | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. കോവൂർ കുഞ്ഞുമോൻ | ശാസ്താംകോട്ട സബ്ട്രഷറിയുടെ കെട്ടിടനിർമ്മാണം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ആൻസലൻ | നെയ്യാറ്റിൻകരയിൽ ഓഖി ചുഴലിക്കാറ്റിൽ കൃഷിനാശം സംഭവിച്ചവർക്കുള്ള ധനസഹായം | കൃഷി വകുപ്പുമന്ത്രി |
| 8 | ശ്രീമതി പി. അയിഷാ പോറ്റി | കുറ്റാലം കൊട്ടാരവും അനുബന്ധ ഭൂമിയും | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ഗുരുവായൂർ റെയിൽവേ മേൽപ്പാലം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീമതി ഇ. എസ്. ബിജിമോൾ | കെ.എസ്.ഇ.ബി. ഉപേക്ഷിച്ച പദ്ധതി പ്രദേശത്ത് മുന്നുചെയിൻ നിവാസികൾക്ക് പട്ടയം നൽകുന്നത് | വൈദ്യുതി വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Amendment to Rule:*

(1) Shri V. T. Balram moved amendment Nos. 1, 3, 9, 10, 22, 24, 27, 28 and 29, Prof. Abid Hussain Thangal moved amendment Nos. 2, 4, 8, 11, 26 and 30, Shri T. V. Ibrahim moved amendments Nos. 6, 12, 15 and 16, Shri N. Samsudheen moved amendment No. 5, Shri P. Ubaidulla moved amendment Nos. 7 and 13, Shri M. Ummer moved amendment Nos. 14, 23 and Shri M. K. Muneer moved amendment Nos. 18, 19, 20 and 21 to the Kerala Administrative Service Rules, 2018 (G.O. (P) No. 12/2017/P&ARD dated 29-12-2017 (S.R.O. No. 861/2017). Shri Pinarayi Vijayan, Chief Minister replied to the points raised during the discussion. The words constitutional Bodies were removed from Rule 14(b) as official amendment. The following amendments 10 and 30 moved were accepted.

(i) In rule 9(f) for the words "date of the order of his first appointment to KAS"the words "date of PSC advice to KAS"shall be substituted.

(ii) In Schedule II, before "Senior Time Scale Posts" rewrite "Table I" as "Table II"

(2) The chair withdrew consent to moving of amendment given notice of by Prof. Abid Hussain Thangal to "Special Rules for Kerala State Co-operative Federation for Fisheries Development Ltd. (MATSYAFED) (G.O. (P) No. 5/2016/Fep-D dated 17-2-2016)" since the rule was not a statutory order.

*Financial Business:*

<u>Discussion and Voting on Demands for Grants in the Budget for the financial year 2018-2019</u>

Shri P. Thilothaman, Minister for Food and Civil Supplies moved Demand No. XXX—Food for the amount shown against it under column No. 5 in the list of Demands for Grants and Shri K. Raju, Minister for Forest,Animal Husbandary and Zoos moved Demand No. XXXI—Animal Husbandary, Demand No. XXXII— Dairy and Demand No. XXXIV—Forest for the amounts shown against them under column No. 5 in the list of Demands for Grants.

The Minister for Finance and Coir laid on the table statements under Rule 236(3) with regard to these Demands.

The cut motion Nos. 1, 5, 6, 7 and 11 in the list of cut motions for Demand No. XXX, the cut motion Nos. 1, 5, 7, 9, 10, 11, 21, 22 and 23 in the list of cut motions for Demand No. XXX , cut motion Nos. 2, 6, 8, 10, 12, 15, 17,18 and 21, cut motion Nos. 1, 2, 4, 5, 10, 12, 15, 16, 19 and 21 for the Demand No. XXXII and in the list of cut motions for Demand No. XXXIV were moved.

The following Members took part in the discussion:

Shri K. Kunhiraman

Shri Anil Akkara

Smt. C. K. Asha

Prof. Abid Hussain Thangal

Shri K. Krishnankutty

Shri P. C. George

Shri B. D. Devassy

Dr. N. Jayaraj

Shri George M. Thomas

Shri Eldose P. Kunnappillil

Shri D.K.Murali

Shri Anoop Jacob

Shri K. Rajan

Shri N. Samsudheen

Shri C. K. Saseendran

Shri Sunny Joseph.

Shri P. Thilothaman, Minister for Food and Civil Supplies and Shri K. Raju, Minister for Forest, Animal Husbandry and Zoos replied to the points raised during the discussion. The cut motions were declared lost. Then the Demand No. XXX, XXXI, XXXII and XXXIV were put to vote and passed.

The House adjourned at 4.06 p.m. to meet again at 8.30 a.m. on Monday, March 19, 2018.

V. K. Babu Prakash,

*Secretary.*